(ഇ) ഇത്തരം അശാസ്ത്രീയ വശങ്ങൾ ഒഴിവാക്കി തടിലേലം സുഗമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) സർക്കാർ അംഗീകരിച്ച് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച ലേല വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓരോ ഡിപ്പോയിലും തടിയുടെ സ്റ്റോക്ക് അനുസരിച്ച് മാസംതോറും ലേലം നടത്തിവരുന്നുണ്ട്. ലേലപരസ്യം ഗസറ്റിലും പത്രങ്ങളിലും യഥാസമയം പ്രസിദ്ധീകരിക്കുന്നുമുണ്ട്.

(ബി) ചില സർക്കാർ ഡിപ്പോകളിൽ ലക്ഷക്കണക്കിനു രൂപയുടെ തടി സ്റ്റോക്കിലുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്യുന്നതിനും ലേലം ചെയ്തശേഷം തടി നീക്കം ചെയ്യുന്നതിനും ഏതാനും മാസങ്ങൾ വേണ്ടിവരുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ലേലവ്യവസ്ഥകളിൽ അശാസ്ത്രീയ വശങ്ങൾ ഉള്ളതായി സർക്കാർ കരുതുന്നില്ല.

25 (*550) നികുതി ഏകീകരണം

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ നികുതിസമ്പ്രദായം ഏകീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽനിന്നും കത്ത് കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) നികുതി ഏകീകരണം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഏതു രീതിയിൽ ബാധിക്കുമെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 14-9-1998-ൽ ഡൽഹിയിൽ ചേർന്ന മുഖ്യമന്ത്രിമാരുടെയും ധനമന്ത്രിമാരുടെയും യോഗത്തിൽ ഫ്ളോർ റേറ്റ് സമ്പ്രദായത്തെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ധനകാര്യ മന്ത്രിമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ടി റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കാൻ ധാരണയായി.

(സി) റിപ്പോർട്ട് ലഭിച്ച ശേഷമേ ഈ കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

26 (*551) കശുവണ്ടിയുടെ ഉൽപ്പാദനം

ശ്രീ. എം.എ. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly